**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2864** **13-02-2024 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട് അപേക്ഷകളുടെ വിശദാംശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നിന്ന് റിസ്ക് ഫണ്ട് അനുവദിയ്ക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര പേർക്കാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നിന്ന് റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് 179 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ആയതിൽ 44 അപേക്ഷകളിൽ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | അപേക്ഷ സമർപ്പിച്ചവരിൽ എത്ര പേർക്കാണ് ഇനിയും റിസ്ക് ഫണ്ട് അനുവദിക്കാനുള്ളതെന്നും റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ? | (ബി) | ധനസഹായത്തിനായി ലഭിച്ച 179 അപേക്ഷകളിൽ 44 അപേക്ഷകളിൽ മാത്രമാണ് ധനസഹായം അനുവദിച്ചത്. ബാക്കിയുള്ള 135 അപേക്ഷകളിൽ, റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ 28 അപേക്ഷകൾ നിരസിച്ചിട്ടുള്ളതും 62 അപേക്ഷകളിൽ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക് / സംഘത്തിന് നിർദ്ദേശം നൽകിയിരിക്കുകയാണ്. ശേഷിച്ച 45 അപേക്ഷകളിൽ ധനസഹായം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>അപേക്ഷകളുടെ വർദ്ധനവ് കാരണവും സംഘം/ ബാങ്കുകളിൽ നിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ന്യൂനതകൾ ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും, ആയത് പരിഹരിച്ച് വരുന്നതിൽ കാലതാമസം ഉണ്ടാകുന്നതിനാലുമാണ് റിസ്ക് ഫണ്ട് അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത്. അപേക്ഷകളിലെ ന്യൂനതകൾ പരമാവധി ഒഴിവാക്കി ബോർഡിന് സമർപ്പിക്കുന്നതിനായി ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br><br>കുടിശ്ശിക ഫയലുകൾ തീർപ്പാക്കുന്നതിന് ബോർഡിന്റെ വൈസ് ചെയർമാൻ ഓൺലൈനായി 16.12.2023 ന് യോഗം വിളിച്ച് ചേർത്ത് അവലോകനം നടത്തുകയും സഹകരണ സംഘം രജിസ്ട്രാറുടെ |

| | | | |
|---|---|---|---|
| | | | അദ്ധ്യക്ഷതയിൽ 31.01.2024 ന അവലോകനയോഗം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക ഫയലുകൾ മാർച്ച് 2024 നകം തീർപ്പാക്കുന്നതിനുള്ള കർമ്മപരിപാടികൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ